ആയതു കൊച്ചി സ്പെഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ വിചാരണയിൽ ഇരിക്കുന്നു. അന്വേഷണം നടത്തിയതു സ്ഥലം സബ്ബ് ഇൻസ്പെക്ടരായിരുന്ന മിസ്റ്റർ എ. റ്റി. തോമസ്സ് എന്നാളാണു്.

(b) ഈ സംഗതിയിൽ ആവലാധിക്കാരൻ ചാത്തന്റെ ഒരു ഹരജി പൊല്ലീസ്സ് കമ്മീഷണക്ക് കിട്ടി. അന്വേഷണം നടത്തിയതിൽ ആയ്യു വാസ്തവവിരുദ്ധങ്ങളായി കാണപ്പെട്ടു. ഹരജിക്കാരൻ ചാത്തൻ കുസ്തൂനിയുടെ വക ഏതാനും കൊപ്രപാക്കുകം ഒഴവലമായിവന്നതു അപഹരിച്ചു എടക്കൊച്ചിയിൽ കൊണ്ടുപോയി വിറ്റു സംഖ്യവാങ്ങി. ആയ്യു ഉടമസ്ഥനായ കുസ്തൂനി അറിഞ്ഞു മേൽനടപടി നടത്തുമെന്നു പറഞ്ഞപ്പോൾ മദ്ധ്യസ്ഥന്മാർ മുഖാന്തിരം കൊപ്രയുടെ വിലവകക്കു പുലിച്ചിയുടെ ഏതാനും സ്വർണ്ണാഭരണങ്ങളും പണയമായി കൊടുക്കുകയും ക ഠക. ക്ക ഒരു പ്രൊനോട്ടു എഴുതികൊടുക്കുകയും ചെയ്തു. ഈ വക സംഗതികളും പുലയൻ സ്വന്തമനസ്സാൽ ചെയ്തതാണു്. ഈ പുലയൻ മേൽപ്രസ്താപിച്ച കുസ്തൂനിയുടെ ജേഷ്ഠന്റെ പണിയിൽ നില്ക്കുന്നവനായിരുന്നു. ഇങ്ങിനെയുള്ള ന്യായമില്ലാത്ത പ്രവൃത്തിചെയ്തതിനു ടി പുലയനെ ടി കുസ്തൂനി തന്റെ പറമ്പിൽനിന്നും പുറത്താക്കി. അപ്പോൾ ഹരജിക്കടിയായതാണെന്നാണു അന്വേഷണത്തിൽ നിന്നു അറിവായിരിക്കുന്നതു. ഹരജി കൊടുത്തിരിക്കുന്നതു സംഭവത്തിനു ക ങ ദിവസം കഴിഞ്ഞിട്ടാണു്.

(c) എൺപത്തിനാല്.

(d) പൊല്ലീസ്സുകാർ വേണ്ട നടപടി നടത്തി കുറക്കാരന്റെമേൽ തലപ്പള്ളി ഫ -ാംക്ലാസ്സ് മജിസ്ട്രേട്ട കോടതിയിൽ ചാജ്ജുകൊടുത്തു. വിചാരണമധ്യേ അന്യായം പ്രതികളും ഒത്തു രാജി ഹരജി ബോധിപ്പിച്ചു.

Town school at Cranganur.

303. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിലെ wn School-ൽ എത്ര ക്ലാസ്സുകളും നടത്തുന്നുണ്ടെന്നു് പറയുമൊ;

(b) അവിടെ എത്ര സമയം അദ്ധ്യയനം നടത്തുന്നുണ്ടെന്നു് പറയുമൊ;

(c) അദ്ധ്യാപകന്മാർ ഓരോരുത്തക്കും കൊടുത്തുവരുന്ന രമ്പളം എത്രയാണെന്നു് പറയുമൊ?

റാവുസാഹിബ്ബു് മിസ്റ്റർ സി. മത്തായി.—(a) ഒമ്പതു്.

(b) രാവിലെ ൿ൦ മുതൽ ഫ൦ മണിവരെ, അതായ്തു ൬ മണിക്കൂർ. ആഴ്ചയിൽ ന ദിവസം അദ്ധ്യയനം.

LIBRARY ARCHIVES Kerala Legislative Assembly

(c) ൨ ൫ ക. അലവൻസ് ൫ ക.
൨. ൫ ന്യ ക.
൩. ൫ ൫ ക. ശമ്പളം, ൫ ൦ ക. പെർസനൽ അലവൻസ
൪. ൫ ൫ ക. ,, ൫ ൦ ക. ,,
൫. ൫൫ ക. ,, ൫ ൦ ക. ,,
൬. ൫ ൫ ക.
൭. ൫ ൫ ക
൮. ൫ ൫ ക
൯. ൫ ൫ ക.
൫ ൦. കോറാൻ അദ്ധ്യാപകൻ ൫ ൦ ക.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—സി. മൂന്നദ്ധ്യാപകന്മാക്ക് personal allowance കൊടുത്തുകാണുന്നുണ്ട്. അവക്ക് വേറെ സ്കൂളുകളിൽ ജോലിയുണ്ടോ?

റാവുസാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അവക്ക് ആദ്യം ഇംഗ്ലിഷ് സ്കൂളുകളിലായിരുന്നു പണി. പഠിപ്പില്ലാത്തതിനാൽ അവിടെ നിർത്താൻ തരമില്ലാതിരിക്കുന്നതുകൊണ്ടു ഈ മലയാള സ്കൂളുകളിലേക്കു മാറിയപ്പോൾ ആദ്യത്തെ ശമ്പളംതന്നെ കൊടുക്കാതെ തരമില്ല. അതുകൊണ്ടാണു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അവർ ആഴ്ചയിൽ ൫ ൬ മണിക്കൂറെ പഠിപ്പിക്കുന്നുള്ളൂ. ശമ്പളം വളരെ അധികം.

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—പഠിപ്പിക്കുന്ന സമയത്തു നല്ലപോലെ അദ്ധ്വാനം ചെയ്യുന്നുണ്ട്. റിസൾട്ടും നന്നായിവരുന്നുണ്ട്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഒരു കെട്ടിടം പണിയിക്കയല്ലെ നല്ലതു?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അതിനുപണം വേണം. കൊടുങ്ങല്ലൂർ ഖജനാവിൽനിന്നു പണംകിട്ടിയാൽ നോക്കാം.

Cranganur Industrial School.

304. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിലെ Industrial School സ്ഥിതിചെയ്യുന്ന സ്ഥലത്തെക്കുറിച്ച് ഗവർമ്മെണ്ടിനു് വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടോ എന്നു് പറയാമൊ;

(b) ആ സ്കൂളിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും, മേത്തല, അഴീക്കോടു്, എരിയാടു്എന്നീ വില്ലേജുകളിൽനിന്നു വല്ല കുട്ടികളും പഠിക്കുന്നുണ്ടോയെന്നും അവിടെ പഠിപ്പിക്കുന്നതു എന്തൊക്കെയാണെന്നും പറയുവാൻ ദയവുണ്ടാകുമൊ?

റാവുസാഹിബ്ബ് മിസ്റ്റർ സി. മത്തായി.—(a) ആക്ഷേപങ്ങളൊന്നും കിട്ടീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly